കേരള സർക്കാർ
സാംസ്കാരികവകുപ്പ്

ദേശീയപുസ്തകോത്സവം 2018

എഴുത്തരങ്ങ് സാംസ്കാരികോത്സവം

# അക്ഷരപ്പെരുമ

വാർത്താപത്രിക 3

കേരള
സാഹിത്യ അക്കാദമി



ഫെബ്രുവരി 9 വെള്ളി 05:00 സെമിനാർ

**ഐക്യകേരളത്തിലെ സ്ത്രീജീവിതവും ഇന്ത്യയും**

ഫെബ്രുവരി 10 ശനി 03:00

**ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരം**

ഫെബ്രുവരി 10 ശനി 05:00

**സമാപനസമ്മേളനം**

പ്രതിഷേധം

# പുസ്തകങ്ങൾ നൽകുന്നത് വിയോജിക്കാനുള്ള സ്വാതന്ത്ര്യം



വൈശാഖൻ
പ്രസിഡന്റ്
കേരള സാഹിത്യ അക്കാദമി

വാക്കുകൾക്ക് അനീതിയെ ചെറുക്കുവാനുള്ള ആത്മബലമുണ്ട്. പലപ്പോഴുമത് ഹിംസയോട് അരുതേ എന്ന് വിലക്കുന്നു, ദുരധികാരത്തെ ചോദ്യംചെയ്യുന്നു. ധാർമികരോഷം കൊണ്ട് എഴുത്തുകാർ ഉയർത്തുന്ന ആശയങ്ങളെ വെട്ടിവീഴ്ത്തുവാനാണ് സമഗ്രാധിപത്യ ശക്തികൾ ഉത്സുകരാവുന്നത്. നിർഭാഗ്യവശാൽ, ഇന്ത്യ അക്രമോത്സുകതയുടെ അഴിഞ്ഞാട്ടക്കളമായി മാറിയിരിക്കുന്നു. തലപ്പത്തിരിക്കുന്നവർതന്നെ മതതീവ്രവാദികളായി മാറുമ്പോൾ, രാഷ്ട്രശരീരം അടിമുടി വർഗീയവൽകരിക്കപ്പെടുന്നു. അത്തരമൊരു കാലത്ത് അനീതികൾ നിത്യസംഭവമായി മാറും. ഏറ്റവുമൊടുവിൽ, കുരീപ്പുഴ ശ്രീകുമാർ വർഗീയഫാസിസത്തിന് ഇരയാവുന്നത് നമ്മൾ കണ്ടു.

കുരീപ്പുഴ ശ്രീകുമാറിന്റെ സാഹിത്യ അക്കാദമി പുരസ്കാരം നേടിയ കീഴാളൻ എന്ന കവിതാസമാഹാരം ഇന്ത്യൻ ആത്മീയ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കാനുള്ള ധീരമായ ശ്രമങ്ങളുടെ സാക്ഷ്യപത്രമാണ്. പേര് സൂചിപ്പിക്കുന്നതുപോലെ ഈ പുസ്തകം ദരിദ്രജനകോടികളുടെ ഉയിർത്തെഴുന്നേൽപ്പിന്റെ ക്ഷുഭിതസ്വപ്നം പങ്കുവെക്കുന്നു. യുക്തിചിന്തയുടേയും ശാസ്ത്രബോധത്തിന്റേയും പ്രകാശമാണ് കുരീപ്പുഴക്കവിതയെ സമകാലികപ്രസക്തമാക്കുന്നത്. എഴുത്തിലും ജീവിതത്തിലും മതേതരത്വത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിച്ച കുരീപ്പുഴ മലയാളികളുടെ മനസ്സിനെ ആഴത്തിൽ തൊട്ടു.

കുരീപ്പുഴയേപ്പോലെ ആദരിക്കപ്പെടുന്ന ഒരു കവിയെ വർഗീയവാദികൾ വേട്ടയാടിയത് കേരളത്തിന്റെ യശസ്സിനേറ്റ കളങ്കമാണ്. അഭിപ്രായപ്രകടനത്തിനും ആവിഷ്കാരത്തിനുമുള്ള സ്വാതന്ത്ര്യം കേരളജനത ആർക്കും അടിയറവെച്ചിട്ടില്ല. ആശയങ്ങൾ സംവാദത്തിനായി അവതരിപ്പിക്കുന്നതും, ചർച്ചകളിൽ ഇടപെട്ട് എതിരഭിപ്രായങ്ങൾ പറയുന്നതും, ഭിന്നസമീപനങ്ങൾക്ക് കാതോർക്കുന്നതും നമ്മുടെ പൊതുമണ്ഡലത്തിൽ നിത്യസംഭവമാണ്. അതുകൊണ്ടുതന്നെ, കുരീപ്പുഴ തെരുവിൽ, പരസ്യമായി അപമാനിക്കപ്പെട്ടത് കേരളത്തിന്റെ സാംസ്കാരികമനഃസാക്ഷിയെ മുറിവേൽപ്പിച്ചിരിക്കുന്നു. നൂറുനൂറ് ആശയങ്ങൾ പ്രബുദ്ധതയോടെ പുലരുന്ന സർഗാത്മക-ധൈഷണികമണ്ഡലം അർത്ഥപൂർണതയോടെ നിലനിൽക്കേണ്ടതുണ്ട്. മതതീവ്രവാദത്തിന്റെ തീക്കളികൾക്ക് ഈ മണ്ണിലിടമില്ലെന്നും ഇനിയൊരു സാംസ്കാരികപ്രവർത്തകനും അവഹേളിക്കപ്പെടില്ലെന്നും ജനാധിപത്യവിശ്വാസികൾ ഉറപ്പുവരുത്തണം.

പുസ്തകങ്ങൾ നൽകുന്ന മാനവികതയും സാഹോദര്യവും അതിരുകളില്ലാത്തതാണ്. അതനുഭവിക്കാൻ സാധിച്ചാൽ, സർവചരാചരങ്ങളേയും സഹജീവിയായി പരിഗണിക്കുന്ന സഹിഷ്ണുതയുടെ സംസ്കാരം നാട്ടിലുടലെടുക്കും. ഏതിലുംമീതെ തിളക്കി പ്രതിഷ്ഠിക്കേണ്ടതാണ് നമ്മുടെ കാലത്ത് ജനാധിപത്യവും മതേതരത്വവും ആവിഷ്കാരസ്വാതന്ത്ര്യവും. ●

# പുസ്തകപ്പെരുമ



ഡോ.കെ.പി.മോഹനൻ
സെക്രട്ടറി
കേരള സാഹിത്യ അക്കാദമി

**അ**ക്കാദമികവും ധൈഷണികവുമായ ഔന്നത്യം നിലനിർത്തിക്കൊണ്ട് കൂടുതൽ ജനകീയവും സർഗാത്മകവും ആവാനുള്ള ശ്രമത്തിലാണ് കേരള സാഹിത്യ അക്കാദമി. ജനങ്ങളിൽനിന്ന് പഠിക്കുക, അവരെ പഠിപ്പിക്കുക എന്നീ അടിസ്ഥാനതലപ്രവർത്തനങ്ങളാണ് ഏത് സാംസ്കാരികപ്രസ്ഥാനവും നാളിതുവരെ നിർവഹിച്ചുപോന്നിട്ടുള്ളത്. ജനകീയമായ ഏത് കർമപരിപാടിയും വിമോചനാത്മകവും കലാമൂല്യം തികഞ്ഞതുമായിരിക്കും. സാധാരണജനങ്ങളുടെ ആശയാഭിലാഷങ്ങളെയാണ് കലയും സാഹിത്യവും പ്രതിഫലിപ്പിക്കുന്നത്. അക്കാദമി പോലെയൊരു സ്വയംഭരണസ്ഥാപനം ഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും പരിപോഷിപ്പിക്കുകയെന്ന ജന്മദൗത്യമാണ് തൃണമൂലതലത്തിൽ നിറവേറ്റുന്നത്.

കേരളത്തിൽ പ്രാദേശികമായി പ്രവർത്തിച്ചുവരുന്ന കലാസമിതികളും സ്മാരകസംഘങ്ങളും സാംസ്കാരികകേന്ദ്രങ്ങളുമായി സഹകരിച്ചുകൊണ്ടാണ് നിരവധി സാഹിത്യപരിപാടികൾ അക്കാദമി ഇതിനകം നടത്തിയിട്ടുള്ളത്. പ്രാദേശികസംഘങ്ങളുമായി സഹകരിക്കുമ്പോൾ ജനങ്ങളിലേക്ക് എത്തിച്ചേരാനുള്ള വഴികൾ തുറന്നുകിട്ടുന്നു.

തൃശൂരിന്റെ സാംസ്കാരികോത്സവം തന്നെയായി ഉയർന്നുകഴിഞ്ഞിട്ടുണ്ട് ദേശീയ പുസ്തകോത്സവം. ഇന്ത്യയിലെ പ്രമുഖ പുസ്തകോത്സവങ്ങളുടെ ഭൂപടത്തിൽ അടയാളപ്പെടാൻമാത്രം വൈപുല്യവും പ്രാധാന്യവും ഈ അക്ഷരമേള ഇതിനകം നേടിയിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള പ്രശസ്തരായ പ്രസാധകരുടെ സാന്നിധ്യം മേളക്ക് മാറ്റുകൂട്ടുന്നു. ദേശീയതലത്തിൽ ആദരിക്കപ്പെടുന്ന പ്രതിഭാശാലികൾ അക്കാദമി അങ്കണത്തിൽ എത്തിച്ചേരുന്നതിൽ അക്കാദമിക്ക് ചാരിതാർത്ഥ്യമുണ്ട്. പ്രദർശനവും വിൽപനയും മാത്രമല്ല, അക്ഷരവുമായി ബന്ധപ്പെട്ട സമസ്തകലകളുടെയും നിറഞ്ഞാട്ടമാണ് ഈ മേള. സാംസ്കാരികനഗരി കാത്തിരിക്കുന്ന മറ്റൊരുത്സവമായി ഇത് മാറുന്നത് അഭിമാനകരമാണ്.

മലയാളികൾക്ക് വായനയോടുള്ള ആഭിമുഖ്യം നാൾചെല്ലുന്തോറും വർധിച്ചുവരികയാണെന്ന് അടയാളപ്പെടുത്തുന്നിടത്താണ് പുസ്തകോത്സവദിനങ്ങളുടെ സാഫല്യം. വായനയിലൂടെ ലഭിക്കുന്ന ധീരവും നൂതനവുമായ ലോകങ്ങൾ സ്വന്തമാക്കാൻ മലയാളികൾ മനസ്സിന്റെ ജാലകങ്ങൾ തുറന്നുവെച്ചവരാണ്. അവരുടെയുള്ളിൽ തിരിച്ചറിവിന്റെ പ്രകാശം നിറക്കാൻ എഴുത്തുകാർ സദാ സന്നദ്ധരാവുന്നു. ജീർണിച്ച് പഴകിയ ഭാവുകത്വത്തെ പുതുക്കുവാനും സംവേദനക്ഷമതയെ നവീകരിക്കുവാനും പുതിയ സാഹിത്യപ്രസ്ഥാനങ്ങൾ മാറിമാറി ശ്രമിക്കുന്നു. അവയെല്ലാം ആവിഷ്കരിക്കുന്ന പുസ്തകങ്ങൾ കൂടുതൽ ഇടങ്ങളിലേക്ക് എത്തിക്കുക എന്ന ദൗത്യമാണ് നമ്മൾ നിർവഹിക്കുന്നത്. പുസ്തകങ്ങളോട് തോളുരുമ്മി നിൽക്കുന്ന സഹൃദയസുഹൃത്തുക്കൾക്ക് സ്നേഹോഷ്മളമായ അഭിവാദനം. ●



# വായന ഐന്ദ്രിയവും ധൈഷണികവുമായ പ്രവൃത്തി



കെ.ഇ.എൻ.

വ്യത്യസ്തതലത്തിലുള്ള വായനകളെ സാംസ്കാരികകേന്ദ്രിതമായ ചിന്തയിലേക്ക് കൂട്ടിച്ചേർക്കാൻ കഴിയുന്നവിധത്തിൽ വായന വികസിക്കപ്പെടേണ്ടതുണ്ട്. വായന മരിച്ചു, വായനയെ ആരോ കൊന്നു എന്ന സങ്കടംപറച്ചിലുകൾക്കും വിലാപങ്ങൾക്കുമപ്പുറം സ്വന്തം അസ്തിത്വത്തെ അർത്ഥപൂർണമാക്കാനുള്ള ശ്രമമെന്ന നിലയിൽ നമ്മൾ വായനയെ വീണ്ടും കണ്ടെത്തുകയും കണ്ടെടുക്കുകയും ചെയ്യേണ്ടതുണ്ട്. പുസ്തകം വായിക്കുന്ന നേരത്തുമാത്രമല്ല, വെറുതെ ഇരിക്കുന്ന നേരങ്ങളിലും മനുഷ്യർ എന്തെങ്കിലും നിർവൃതി അനുഭവിക്കുന്നുണ്ടെങ്കിൽ അതും ഏതോതരത്തിലുള്ള വായനയുടെ അനന്തരഫലമാണെന്ന് നമ്മൾ അഭിമാനത്തോടെ തിരിച്ചറിയണം. ജീവിക്കുകയെന്നാൽ വായിക്കുകയെന്നുംകൂടിയാണർത്ഥം.

പ്രകൃതിയേയും സഹമനുഷ്യരേയും സ്വന്തത്തേയും അതിനപ്പുറവും ഇപ്പുറവുമുള്ള സർവ അജ്ഞാതങ്ങളേയും അഭിമുഖീകരിച്ചും അഭിവാദ്യം ചെയ്തുമാണ് സൂക്ഷ്മാർത്ഥത്തിൽ വായന. അഗാധമായ ബന്ധങ്ങളുടെ ആഘോഷവും അതോടൊപ്പം എന്തിനെന്ന് കൃത്യമായി വിശദീകരിക്കാനാവാത്ത വിനിമയത്തിന്റെ വിവിധ വഴികളിലൂടെയുള്ള സംഘർഷയാത്രകളുമാണ് വായനയെ സമന്വയിപ്പിക്കുന്നത്. വിനിമയവഴികളിൽ സ്വന്തം ഇടംകണ്ടെത്തുന്നതോടെ ഏവരും വായനക്കാരാവും. കാണൽ, അറിയൽ, അനുഭവിക്കൽ, അനുഭൂതിപ്പെടൽ, കേൾക്കൽ ഒക്കെ ഉൾപ്പെടെ സർവ ഐന്ദ്രിയപ്രവർത്തനങ്ങളും അതിന്റെ തുടർച്ചയായ ധൈഷണികപ്രവർത്തനങ്ങളും പരസ്പരം പൂരിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നുവെന്ന അർത്ഥത്തിലാണ് ആധുനിക വായന പ്രസക്തമാവുന്നത്. ●





# പുസ്തകങ്ങൾക്ക് നവചൈതന്യം

എം.എം.നാരായണൻ

സാമ്പത്തികമാന്ദ്യം സകല വിപണികളുടേയും ജീവനെടുത്തുകൊണ്ടിരിക്കുന്നൊരു കാലമാണിത്. എന്നാൽ, പുസ്തകചിന്തകൾ അഭൂതപൂർവമായ രീതിയിൽ സജീവമാണ്. പുസ്തകത്തിന്റെ ഉൽപാദനരംഗത്ത് സംജാതമായ സാങ്കേതികവും ഇതരവുമായ സാധ്യതകൾ ഉപയോഗിച്ച് പ്രസാധനം താരതമ്യേന ആയാസമില്ലാത്ത ഒരു ജോലിയാക്കി മാറ്റിയിട്ടുണ്ട്. ആർക്കും എഴുതാനും എന്തിനെക്കുറിച്ചും എഴുതാനും എങ്ങനെയെഴുതാനും എഴുതിയതെല്ലാം അച്ചടിച്ചിറക്കാനും അവസരം കൈവന്നത് ഈ രംഗത്ത് വലിയ തിക്കും തിരക്കും സൃഷ്ടിച്ചിരിക്കുന്നു. വിദ്യാഭ്യാസം, പുതിയ പഠനരീതികൾ, ഊരുതോറും തളരാതെ പുലരുന്ന ഗ്രന്ഥശാലകളുടെ ശൃംഖലാബന്ധം, വിദ്യാർത്ഥികൾക്കുള്ള പലതരം മത്സരപരീക്ഷകൾ, അതിലെ ആകർഷകമായ സമ്മാനപദ്ധതികൾ ഇതിനെല്ലാം കിട്ടുന്ന മാധ്യമശ്രദ്ധ, ഇതൊക്കെ അന്യഥാ നശിച്ചുകൊണ്ടിരിക്കുന്ന വായനാശീലങ്ങൾക്ക് വളരാൻ വഴിയൊരുക്കിയിരിക്കുന്നു.

പുസ്തകങ്ങളുടെ രചന, പ്രസാധനം, വിൽപന-ഇതൊക്കെ തകൃതിയായി നടക്കുന്നു. എന്നാൽ, ഉണ്ടാവുന്ന പുസ്തകങ്ങളുടെ നിലവാരം പരിശോധിച്ചാൽ, എണ്ണം പെരുകുന്ന മുറക്ക് ഗുണമേറുന്നില്ലെന്നത് യാഥാർത്ഥ്യമാണ്. മാത്രമല്ല, മലയാളിയുടെ പുതിയ ജീവിതപരിസരങ്ങളെ, നാം സന്ധിച്ചു നിൽക്കുന്ന അടിസ്ഥാനസമസ്യകളെ, വൈകാരികമായ ഉത്കണ്ഠകളെ അവതരിപ്പിക്കാനും പരിചരിക്കാനും ഈ പുസ്തകങ്ങൾക്ക് എത്രത്തോളം ആവുന്നുണ്ടെന്ന് ആരാഞ്ഞാൽ നിരാശയാവും ഫലം. അപ്പോൾ പുസ്തകവിപണിയുടെ ചൈതന്യവും ചടുലതയും സംരക്ഷിക്കുന്നതോടൊപ്പം പുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ വൈവിധ്യവും ആഴവും ആത്മഗൗരവവും കാലാവബോധവും ഉണ്ടായിവരാനുള്ള ബോധപൂർവമായ പരിശ്രമങ്ങളും നടക്കേണ്ടതുണ്ട്. അത് നടക്കുന്നില്ലെങ്കിൽ വിപണിയിൽ പ്രകടമാവുന്ന പുസ്തകങ്ങളുടെ ഗുണനിലവാരത്തകർച്ച മാരകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. ●

# വായനയുടെ വാക്കുകൾ



ഇ.പി.രാജഗോപാലൻ

വാക്കുകൾ ചിത്രങ്ങളാണ്, പ്രതീകങ്ങളാണ്. അർത്ഥം ഉണ്ടാക്കിയെടുക്കാനായി ആ ചിന്ത പ്രതീകങ്ങളെ ഡീകോഡ് ചെയ്യുന്ന പ്രവർത്തനമാണ് വായന. മരം എന്നത് രണ്ട് അക്ഷരങ്ങളും ഒരു ചിഹ്നവുമാണ്. അത് മരമെന്ന വസ്തു-ആശയം ആണെന്ന് മനസ്സിലാക്കുന്നതാണ് ആ വാക്കിന്റെ വായന. വായനക്കാരന്റെ മുന്നറിവ്, അനുഭവം, മനോഭാവം, ഭാഷാജ്ഞാനം, സംസ്കാരം, സാമൂഹികത എന്നിവയെല്ലാം വായനയെ സ്വാധീനിക്കുന്നുണ്ട്. വായനക്കാരൻ അർത്ഥമെടുത്ത് ഉപയോഗിക്കുന്നയാളല്ല. അർത്ഥത്തിന്റെ ഉൽപാദകനാണ്.

ആശയവിനിമയം നടത്താനുള്ള മാധ്യമമാണ് ഭാഷ. ആശയവിനിമയത്തിനുള്ള സൂചകങ്ങളുടെ ഒരു കൂട്ടത്തിനെ ഭാഷയെന്ന് വിളിക്കാം. പല ഭാഷകളുണ്ട്. ആംഗ്യഭാഷ, ശബ്ദഭാഷ, ചിത്രഭാഷ. അതിലൊന്നാണ് നാം സാധാരണ പറയുന്ന ഭാഷ. വർത്തമാനം പറയുന്നതാണ് ഭാഷയുടെ അടിസ്ഥാനം-വാമൊഴി. പിന്നീടാണ് എഴുത്തുഭാഷ (വരമൊഴി) ഉണ്ടായത്.

ഭാഷയുടെ അർത്ഥയുക്തമായ ആശയമുൾക്കൊള്ളുന്ന ഒരു ഏകകമാണ് വാക്ക്. അക്ഷരങ്ങൾ ചേർന്ന് വാക്കുണ്ടാകുന്നു. വായനയുടെ അടിസ്ഥാനം വാക്കാണ്. വാക്കുകൾ ചേർന്ന് വാക്യമുണ്ടാവുന്നു. വാക്കുകൾ, വിടവുകൾ, ചിഹ്നങ്ങൾ-ഇവ മൂന്നുമാണ് എഴുത്തുഭാഷയുടെ വകകൾ. ഉച്ചത്തിൽ വായിക്കുന്നതിനെ ശബ്ദവായനയെന്ന് പറയാം. അർത്ഥബോധമില്ലാതെയും ലിപി അറിയുമെങ്കിൽ വായിക്കാം.

കൈയെഴുത്തിനേക്കാൾ കൂടുതലായി വായനക്കാരേയും വ്യാഖ്യാതാക്കളേയും ഉണ്ടാക്കാൻ അച്ചടിയിലൂടെ കഴിഞ്ഞു. അറിവിനെ ജനാധിപത്യവൽകരിച്ച സാങ്കേതികവിദ്യയാണ് അച്ചടി. അച്ചടിക്ക് ഏഡി 220ൽ തുടങ്ങുന്ന ദീർഘചരിത്രമുണ്ട്.

ഭാഷയും ഭാവനയും ചേർന്നുനിൽക്കുമ്പോൾ സാഹിത്യമുണ്ടാവും. ശാസ്ത്രകൃതികൾക്ക് വായനകളിൽ ഏറെ വ്യത്യസ്തമായ അർത്ഥം കിട്ടില്ല. സാഹിത്യം വായനക്കാരുടെ മനോഭാവത്തിനനുസരിച്ച് അർത്ഥപ്പകർച്ച നേടുന്നു. റീഡർ എന്ന വാക്കിന് വായിക്കുന്ന ആളെന്ന് മാത്രമല്ല അർത്ഥം, വായിക്കാനുള്ള സാമഗ്രി (വായനാസാമഗ്രി) എന്നും അർത്ഥം വരും. കേരളത്തിൽ അൽപകാലംമുമ്പ് സ്കൂളിലെ ഇംഗ്ലീഷ് പാഠപുസ്തകത്തെ ഇംഗ്ലീഷ് റീഡർ എന്ന് പറഞ്ഞിരുന്നു. വരികൾ മാത്രം വായിച്ച് പ്രാഥമികമായ അർത്ഥം മനസ്സിലാക്കുന്നതിന് റീഡിങ് ദി ലൈൻസ്-വരികൾക്കിടയിൽ വായിക്കുകയെന്നും പറയും.

വായനക്കുവേണ്ടി ഉണ്ടാക്കിയ സ്ഥാപനമാണ് വായനശാല. ഇംഗ്ലീഷിൽ റീഡിങ് റൂം. കേരളത്തിൽ ഇത് സജീവമായൊരു പൊതുസ്ഥാപനമാണ്. ആനുകാലികപ്രസിദ്ധീകരണങ്ങളും ദിനപത്രങ്ങളും പുസ്തകങ്ങളും വായനശാലയിൽ കിട്ടും. വിദ്യാലയങ്ങളിലും വായനശാലകളുണ്ട്.

ഇന്ത്യൻ സാഹിത്യപാരമ്പര്യത്തിൽ വായനക്കാരന് വലിയ സ്ഥാനം നൽകിയിട്ടുണ്ട്.



വൈലോപ്പിള്ളി ഒരു കാവ്യജീവിതം എന്ന ഡോക്യുമെന്ററിയുടെ പ്രദർശനം

ഭാവുകൻ, സഹൃദയൻ എന്നീ വാക്കുകൾ വായനക്കാരെക്കുറിച്ചുകൂടിയാണ്. വായനക്കാരുടെ കഴിവിനെ ഭാവയിത്രിയായ പ്രതിഭയെന്ന് ഭാരതീയപാരമ്പര്യം വിലയിരുത്തുന്നു. ഓരോ വായനക്കാരനും തന്റെ അറിവിന്റേയും അനുഭവത്തിന്റേയും അടിസ്ഥാനത്തിലാണ് വായിക്കുന്നത്. ഒരേ കൃതി തന്നെയാണ് വായിക്കുന്നതെങ്കിലും ഒരേ അർത്ഥമല്ല എല്ലാ വായനക്കാർക്കും കിട്ടുക. അതിനാൽ ഒരു കൃതിയുടെ 'ശരിയായ അർത്ഥം' എന്നൊന്നില്ല.

വായനയിൽ വല്ലാത്ത താൽപര്യമുള്ളയാളിനെ പുസ്തകപ്പുഴു എന്ന് വിളിക്കുന്ന പതിവുണ്ട്. ഒരാൾ വായനയിൽ മാത്രം ശ്രദ്ധിക്കുകയും പ്രായോഗികകാര്യങ്ങളിൽ വേണ്ടത്ര കഴിവ് കാണിക്കാതിരിക്കുകയും ചെയ്യുമ്പോൾ ശകാരപദമായി പുസ്തകപ്പുഴുവെന്ന് വിളിക്കാറുണ്ട്. ബുക്ക് വേം എന്ന വാക്കിന്റെ മലയാളമാണ് പുസ്തകപ്പുഴു. വായന മാത്രം പോരാ എന്ന സന്ദേശമാണ് ഈ പ്രയോഗത്തിന് പിന്നിലുള്ളത്. ഷെയ്ക്സ്പിയറുടെ ഒതെല്ലോ നാടകത്തിലെ കഥാപാത്രമായ കാഷിയോയെ വിളിക്കുന്ന ചീത്തപ്പേര് ബുക്കിഷ് തിയറിക് എന്നാണ്. പുസ്തകവും കടലാസും തിന്ന് നശിപ്പിക്കുന്ന കീടങ്ങൾക്കും പുസ്തകപ്പുഴു എന്ന് പേര് പറയും (ബുക് ലൈസ്, സിൽവർ ഫിഷ്).

ഒരു കൃതിയുടെ പ്രസിദ്ധമായ അർത്ഥത്തെ കണക്കിലെടുക്കാതെ, പുതിയ അർത്ഥം ഉണ്ടാക്കിയെടുക്കുന്ന വായനയാണ് പുനർവായന. വായനക്കാരന്റെ സർഗാത്മകതയുടെ തെളിവാണിത്.

നാം പുസ്തകങ്ങളും അച്ചടിച്ചതും എഴുതിയതുമായ കാര്യങ്ങൾ മാത്രമല്ല വായിക്കുന്നത്. പ്രകൃതിയേയും മനുഷ്യനേയും മൃഗങ്ങളേയും മറ്റ് ജന്തുക്കളേയും നാം ഒരർത്ഥത്തിൽ വായിക്കുകയാണ്. ചിത്രങ്ങൾ, ശബ്ദങ്ങൾ, രുചി, മണം... ഇതെല്ലാം നാം വായിച്ചറിയുന്നു. മനസ്സിലാക്കലും തിരിച്ചറിവുണ്ടാക്കലുമാണ് വായന.

വായനക്കാരാണ് സാഹിത്യത്തേയും പുസ്തകത്തേയും സജീവമാക്കുന്നത്. വായനക്കാരില്ലെങ്കിൽ പുസ്തകം കടലാസ് മുറിച്ച് അട്ടിവെച്ച് തുന്നിക്കൂട്ടിയ വസ്തുമാത്രം. 'പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാൽ.' ●



അക്ഷരശ്ലോകസദസ്സ്

# പുസ്തകം മരിക്കുന്നില്ല



ആലങ്കോട് ലീലാകൃഷ്ണൻ

'എൺപതുകളിൽ പുസ്തകം മരിക്കും' എന്ന് പ്രസ്താവിച്ചത് പ്രശസ്ത ചിന്തകൻ മാർഷൽ മക്ലൂഹൻ ആണ്.

എൺപതുകളിൽ മക്ലൂഹൻ മരിച്ചു. പക്ഷേ, പുസ്തകം മരിച്ചില്ല.

അച്ചടിച്ച കടലാസിനെ ലോകവ്യവഹാരങ്ങളിൽനിന്ന് നീക്കംചെയ്യുമെന്ന് മൈക്രോസോഫ്റ്റിന്റെ മുതലാളി ബിൽ ഗേറ്റ്സ് ഒരിക്കൽ പ്രഖ്യാപിച്ചു.

ബിൽ ഗേറ്റ്സിന്റെ ആത്മകഥയായ ബിസിനസ് അറ്റ് സ്പീഡ് ഓഫ് ലൈറ്റ് കടലാസിൽ അച്ചടിച്ച പുസ്തകമായിത്തന്നെയാണ് പുറത്തിറങ്ങിയത്.

പുസ്തകം മരിക്കുന്നില്ല.

എല്ലാ സാങ്കേതികവികാസങ്ങളുടേയും ഭീഷണിയെ അതിജീവിച്ച് പുസ്തകോത്സവങ്ങളും വായനയും സംവാദങ്ങളും അസ്വതന്ത്രരായ മനുഷ്യർ ഉള്ളിടത്തോളംകാലം ഭൂമുഖത്ത് നിലനിൽക്കും.

ജനാധിപത്യവികാസത്തിന്റെ അടിസ്ഥാന ഘടകമാണ് പുസ്തകം. അനാഥന്റേയും ദരിദ്രന്റേയും നിഷ്കാസിതന്റേയും സ്വാതന്ത്ര്യമാർഗമാണ് ഇപ്പോഴും പുസ്തകവായന.

മനുഷ്യവർഗചരിത്രത്തിൽ വിമോചനത്തിന്റെ ഒരു വഴി പുസ്തകമാണ് നയിച്ചത്.

'വിശക്കുന്ന മനുഷ്യാ, പുസ്തകം കൈയിലെടുക്കൂ, അതൊരായുധമാണ്.'

സമകാലികലോകസാഹചര്യത്തിലും മുഴങ്ങുന്നുണ്ട് ഈ വാക്കുകൾ. പുസ്തകം വായിച്ച് വളർന്നവരും വായനയുടെ ജനാധിപത്യത്തെ വളർത്തിയവരും പുരോഗമനത്തിന്റെ പാതയിലായിരുന്നു എന്നും. വർഗീയഫാസിസ്റ്റ് ഭീകരതകൾ ചരിത്രത്തെ പുറകോട്ട് വലിക്കുകയായിരുന്നു എക്കാലത്തും.

പല പകലുകൾകൊണ്ട് നാം മുന്നോട്ട് വെട്ടിയ വഴികളെല്ലാം, ഒറ്റ രാത്രികൊണ്ട് പിന്നിലേക്കാക്കുന്ന ഇരുട്ടിന്റെ ശക്തികളെ നേരിടാൻ പുസ്തകംതന്നെ നമുക്കിന്നും ആയുധം.

അതിനാൽ, പുസ്തകോത്സവങ്ങൾ ജനാധിപത്യത്തിന്റെ വസന്തോത്സവങ്ങളാണ്. ●




നീനാവാര്യരുടെ കാവ്യാലാപനം



# പുസ്തകങ്ങൾ സംസ്കാരത്തിന്റെ ശിലാസ്ഥാപകർ

സുഭാഷ്ചന്ദ്രൻ

വായന മരിച്ചുവെന്ന് പത്തുവർഷം മുമ്പുവരെ ഒരു നിലിവിളി നമ്മുടെ മാധ്യമങ്ങളിൽ പൊതുജനങ്ങളും അധ്യാപകരും, എന്തിന് എഴുത്തുകാർപോലും ഉയർത്തിയിരുന്നു. എന്നാൽ, ഭാഗ്യവശാൽ, ഇപ്പോഴാരും വായന മരിച്ചു എന്ന് പറയുന്നില്ല. മാത്രമല്ല, പുനർജനിച്ച വായനയെക്കുറിച്ച് വ്യക്തിപരമായ കുറിപ്പുകളും സന്ദേശങ്ങളും നവമാധ്യമങ്ങളിലൂടെ ഓരോ മലയാളിയും ഉൾപ്പുളകത്തോടെ പരസ്പരം അറിയിക്കുകയും ചെയ്യുന്നു. ഏതെങ്കിലും ചില പുസ്തകങ്ങൾ മാത്രം ആഘോഷിക്കുകയും മറ്റുള്ളവ പാടേ തമസ്കരിക്കുകയും ചെയ്തുപോന്ന നടപ്പുശീലത്തിനും അറുതിവരുത്തിയതിൽ തീർച്ചയായും നവമാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്. ആടുജീവിതത്തെക്കുറിച്ചും ഫ്രാൻസിസ് ഇട്ടിക്കോരയെക്കുറിച്ചും മനുഷ്യന് ഒരു ആമുഖത്തെക്കുറിച്ചും ആരാച്ചാരെക്കുറിച്ചും ആളുകൾ അറിഞ്ഞതും വായിച്ചതും ഏതെങ്കിലും നിരൂപക കേസരിയുടെ ഒത്താശയോടെ ആയിരുന്നില്ല. മറിച്ച്, വായിച്ചറിഞ്ഞവർ അക്കാര്യം മറ്റൊരാളെ അറിയിച്ചതുകൊണ്ടായിരുന്നു.

അത് വായനയെ മാത്രമല്ല, പുസ്തകവിൽപനയേയും സാരമായി സഹായിച്ചു. മലയാളത്തിലെ പുസ്തകങ്ങളുടെ ഉത്സവങ്ങൾ എമ്പാടും തുടർച്ചയായി സംഘടിപ്പിക്കപ്പെട്ടു. ആയിരക്കണക്കിന് ശീർഷകങ്ങൾ നന്നായി വിറ്റഴിഞ്ഞു. വായനക്കാരുടെ മനസ്സും പ്രസാധകരുടെ ഖജനാവും നിറഞ്ഞു. ഇത് തീർച്ചയായും എഴുത്തുകാരിലും വായനക്കാരിലുമെന്നതുപോലെ, നമ്മുടെ സംസ്കാരത്തിലും വലിയ ശിലാസ്ഥാപനങ്ങൾ നടത്തുന്നുണ്ട്. വരാനിരിക്കുന്ന ഒരു മഹൽകൃതിയുടെ പ്രചോദനമായി എഴുത്തുകാരിൽ, വായിക്കാനിരിക്കുന്ന ഒരു ശ്രേഷ്ഠപുസ്തകത്തിന്റെ പ്രതീക്ഷയായി വായനക്കാരിൽ, ആകാശംമുട്ടെ ഉയരാനിരിക്കുന്ന ഒരു സംസ്കാരസൗധമായി മലയാളികളിൽ. ●

# മനുഷ്യത്വത്തിന്റെ കാവലാളാവാൻ...



വി.എൻ.മുരളി

മനുഷ്യനെ ഭിന്നിപ്പിക്കുന്ന വായന വളരുന്നത് ഉത്കണ്ഠയോടെ കാണേണ്ട കാലമാണിത്. ജാതിമതചിന്തകളിലേക്ക് ചുരുങ്ങിപ്പോകാതെ, മതേതരത്വത്തിലേക്കും മാനവികതയിലേക്കും വളരാൻ, പഠിപ്പിക്കുന്ന പുസ്തകങ്ങളുടെ പൂക്കാലമാണ് നമുക്കാവശ്യം. മതസ്പർദ്ധ വളർത്തുന്ന ബുദ്ധിജീവികളും അവരുടെ വിഷലിപ്തമായ പുസ്തകങ്ങളും കൂടിക്കൂടി വരുന്നുവെന്നത് ഭയമുളവാക്കുന്നു. ചരിത്രം തിരുത്തിയെഴുതാനും, താജ്മഹൽ തേജോമഹാലയമായിരുന്നുവെന്ന് സ്ഥാപിക്കാനും ഫാസിസ്റ്റുകൾ തുനിഞ്ഞിറങ്ങിയിരിക്കുന്നു.

ബാബറി മസ്ജിദ് ഒരു ദിവസംകൊണ്ടല്ല തകർക്കപ്പെട്ടത്. നുണപ്രചാരണങ്ങളും വർഗീയത വളർത്തുന്ന ആശയങ്ങളും മസ്ജിദിന്റെ തകർച്ചക്ക് ബോധപൂർവം ഉപയോഗിച്ചിട്ടുണ്ട്. ഈയൊരു അനുഭവചരിത്രം നമ്മെ പഠിപ്പിക്കുന്ന കാര്യം: പോലീസും പട്ടാളവും മാത്രമല്ല, മനുഷ്യനെ അടിച്ചമർത്തുന്ന മർദ്ദനോപകരണങ്ങൾ. ധൈഷണികമേഖല ഉപയോഗിച്ചും മനുഷ്യരെ നിശ്ശബ്ദരാക്കാം. അതിനാൽ ആശയപ്രചാരണവും പുസ്തകങ്ങളും പ്രധാനമാണ്. വായന വഴി അറിവല്ല, തിരിച്ചറിവാണ് ഉണ്ടാകേണ്ടത്. ●

# മത്സരവിജയികൾ

**പ്രസംഗം – ഹൈസ്കൂൾ** : 1. അലീന അനബെല്ലി, കാർമൽ എച്ച്.എസ്., ചാലക്കുടി. 2. പ്രിവ്യ കെ.ആർ., സെന്റ് മേരീസ് സി.ജി.എച്ച്.എസ്., ഒല്ലൂർ. 3. ജീഷ്മ കെ.ജെ., സെന്റ് തേരേസ് എച്ച്.എസ്.എസ്., ഷൊർണൂർ. **പ്രസംഗം – കോളേജ്** : 1. അശ്വനി എ.പി., ശ്രീശങ്കരാചാര്യ സർവകലാശാല, കാലടി. 2. അമൽ ശങ്കർ എം.എസ്., കോപ്പെറേറ്റീവ് കോളേജ്, തൃശൂർ. 3. ഹന്ന എൽദോസ്, ഗവ.എൻജിനീയറിങ് കോളേജ്, തൃശൂർ. **കഥാരചന – ഹൈസ്കൂൾ** : 1. ഗോകുൽ വിനായക് സി.ആർ., ടി.ആർ.കെ.എച്ച്.എച്ച്.എസ്., വാണിയംകുളം. 2. സൈത്തുന കെ., ചെറുപറമ്പി എ.വി.എച്ച്.എസ്., പൊന്നാനി. 3. ജീഷ്മ കെ.ജെ., സെന്റ് തേരേസാസ് എച്ച്.എസ്., ഷൊർണൂർ. **കഥാരചന – കോളേജ്** : 1. ഹന്ന എൽദോസ്, ഗവ.എൻജിനീയറിങ് കോളേജ്, തൃശൂർ. 2. അഞ്ജിത ഡേവിസ്, സെന്റ് ജോസഫ്സ്കോളേജ്, ഇരിങ്ങാലക്കുട. 3. അശ്വനി എ.പി., ശ്രീശങ്കരാചാര്യ സർവകലാശാല, കാലടി. **കാവ്യകേളി** : 1. ആര്യ കെ.ശ്രീകുമാർ, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട. 2. ഗായത്രി എം., പ്രജ്യോതി നികേതൻ, പുതുക്കാട്. 3. നീരജ എ., ഗാന്ധി സ്മാരക ഹൈസ്കൂൾ, അഷ്ടമിച്ചിറ. **കവിതാരചന – ഹൈസ്കൂൾ** : 1. കല്യാണി എം.ആർ., ജി.എച്ച്.എസ്.എസ്., മലപ്പുറം. 2. അലീന ബെന്നി, സി.ജി.എച്ച്.എസ്.എസ്., വടക്കാഞ്ചേരി. 3. അനുപമ ആർ., പി.എം.ജി.എച്ച്.എസ്.എസ്., പാലക്കാട്. **കവിതാരചന – കോളേജ്** : 1. അശ്വനി എ.പി., ശ്രീശങ്കരാചാര്യ സർവകലാശാല, കാലടി. 2. വന്ദന പി.വി., മലയാളപഠനഗവേഷണകേന്ദ്രം, തൃശൂർ. 3. അനാമിക സി.ഡി., സെന്റ് അലോഷ്യസ് കോളേജ്, എൽതുരുത്ത്.




പ്രവാസം, കുടിയിറക്കൽ സെമിനാറിൽ മുസഫർ അഹമ്മദ് മുഖ്യപ്രഭാഷണം നടത്തുന്നു.

# പ്രവാസം ആവിഷ്കരിക്കുന്നതിൽ മലയാളസാഹിത്യം പിന്നിൽ

പ്രവാസത്തിന്റെ സൂക്ഷ്മതലങ്ങൾ ആവിഷ്കരിക്കുന്നതിൽ മലയാളസാഹിത്യം വളരെ പിറകിലാണെന്ന് എം.എം.നാരായണൻ പറഞ്ഞു. വിയോഗത്തിന്റെ ദുരന്തങ്ങളും ആത്മസംഘർഷങ്ങളും പരദുഃഖവും ആവിഷ്കരിക്കുന്നതിലെ പരിമിതികൾ മലയാളത്തിൽ വളരെ വ്യക്തമായി കാണാം. പ്രവാസി നാട്ടിലെത്തുമ്പോഴും പരദേശിയായി മാറുന്ന അനുഭവങ്ങളാണ് ഉള്ളത്. സ്വന്തം നാട് ഇല്ലാതാവുന്ന പ്രവാസിയുടെ മനഃസംഘർഷങ്ങളുടെ ആഴം മലയാളസാഹിത്യത്തിൽ കാണാനാവുന്നില്ല. പുസ്തകോത്സവവേദിയിൽ 'പ്രവാസം, കുടിയിറക്കൽ: നിസ്സഹായതയുടെ കാണാപ്പുറത്തെ സാഹിത്യം' എന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബുദ്ധന്റേയും ഗാന്ധിയുടേയും നാടായ ഇന്ത്യ അഭയാർത്ഥികളെ അവഹേളിക്കുകയും അപമാനിക്കുകയും ആട്ടിയോടിക്കുകയും ചെയ്യുന്ന രാജ്യമായി മാറി. അതിർത്തികളിൽനിന്ന് പട്ടാളക്കാർ മുളകുപൊടിയെറിഞ്ഞാണ് അഭയാർത്ഥികളെ ഓടിക്കുന്നത്. അഹിംസയുടേയും കാരുണ്യത്തിന്റേയും നാടാവുന്നതിനുപകരം ഇന്ത്യ വിദ്വേഷത്തിന്റേയും അതിക്രമങ്ങളുടേയും രാജ്യമായി മാറുന്നത് നമുക്കൊരിക്കലും ഭൂഷണമല്ല.

മുസഫർ അഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. ഡോ.സി.ഉണ്ണികൃഷ്ണൻ, ഐ.ഷൺമുഖദാസ്, നാരായൻ, ധനഞ്ജയൻ മച്ചിങ്ങൽ, വി.ജി.തമ്പി, എൻ.രാജൻ എന്നിവർ സംസാരിച്ചു. ●




ജനകീയദേശീയത സെമിനാറിൽ ഡോ.കെ.എൻ.ഗണേശ് ഉദ്ഘാടനപ്രഭാഷണം നടത്തുന്നു.

# രാഷ്ട്രീയമായി തോൽക്കുമ്പോഴും സവർണ്ണദേശീയത വിജയിക്കുന്നു

രാഷ്ട്രീയമായി പരാജയപ്പെടുമ്പോഴും സാംസ്കാരികമായി സവർണ്ണദേശീയത രാജ്യത്ത് വിജയിച്ചുകൊണ്ടിരിക്കുകയാണെന്നും ആചാരവൈവിധ്യത്തിനും ഭാഷക്കും ജാതിക്കും അതീതമായ മാനവസൗഹൃദത്തിന്റെ കൂട്ടായ്മയിലൂടെ മാത്രമേ ജാതിമേൽകോയ്മയെ ചെറുത്തുതോൽപ്പിക്കാനാവൂ എന്നും കെ.ഇ.എൻ. പറഞ്ഞു. വൈവിധ്യങ്ങളുടെ കലർപ്പാണ് നാടിന്റെ കാന്തിയും കരുത്തുമായി വളരുന്നത്. നിരവധി ദേശീയതകളുടെ സമുച്ചയമായി വളർത്തിയെടുക്കുന്ന ജനകീയദേശീയതയിലൂടെ മാത്രമേ മേൽകോയ്മാദേശീയതയെ തകർക്കാനാവൂ. ദേശീയപുസ്തകോത്സവത്തിന്റെ ഭാഗമായി നടത്തിയ ജനകീയദേശീയത എന്ന സെമിനാറിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംവാദങ്ങൾ അർത്ഥപൂർണമായി വികസിക്കുമ്പോഴാണ് ജനാധിപത്യം ശക്തിപ്പെടുന്നത്. എന്നാൽ, രാജ്യത്ത് സംവാദമണ്ഡലം ഇപ്പോൾ സ്തംഭിച്ച് നിൽക്കുകയാണെന്നും കെ.ഇ.എൻ. പറഞ്ഞു. 1948ലെ ഗാന്ധിവധവും 2003ൽ ഇന്ത്യൻ പാർലമെന്റിൽ ഗോൾവാൾക്കറുടെ പടംവെച്ചതും ഇന്ത്യ നേരിടേണ്ടിവന്ന വൻദുരന്തങ്ങളാണ്. മേൽകോയ്മാദേശീയതയെ എതിർത്ത ഗാന്ധിയൻ മതനിരപേക്ഷതക്കെതിരായ കടുത്ത വെല്ലുവിളികളാണ് അതെന്നും അദ്ദേഹം പറഞ്ഞു.

ഏകമതസ്വഭാവത്തോടുകൂടി ജനകീയദേശീയതയെ രൂപപ്പെടുത്താനാവില്ലെന്ന് സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ച ചരിത്രപണ്ഡിതൻ ഡോ.കെ.എൻ.ഗണേശ് പറഞ്ഞു. സമന്വയത്തിന്റേയും സാംസ്കാരിക വിനിമയത്തിന്റേയും വഴിയിലൂടെയാണ് ജനകീയദേശീയത രൂപപ്പെടൂ എന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ സാമ്രാജ്യത്വവിരുദ്ധസമരമായി വളർത്തിയെടുത്തതിന്റെ ഭാഗമായാണ് ഇന്ത്യയിൽ ദേശീയതയെന്ന സ്വഭാവം രൂപപ്പെടാൻ തുടങ്ങിയതെന്ന് സെമിനാറിൽ പങ്കെടുത്ത സുനിൽ പി.ഇളയിടം പറഞ്ഞു. ടി.ഡി.രാമകൃഷ്ണൻ, പി.എസ്. ഇക്ബാൽ, കെ.രാജേന്ദ്രൻ എന്നിവരും സംസാരിച്ചു.

നീനാവാര്യരുടെ കാവ്യാലാപനവുമുണ്ടായി. തിരുനെൽവേലി കരിസാൽ കൃഷ്ണസ്വാമിയും സംഘവും തമിഴ് നാടോടിഗാനങ്ങളുടെ ആവിഷ്കാരം നടത്തി. ●




ലളിതാംബിക അന്തർജനം, എസ്.ഗുപ്തൻനായർ അനുസ്മരണത്തിൽ കെ.പി.ശങ്കരൻ അധ്യക്ഷപ്രഭാഷണം നിർവഹിക്കുന്നു.

# ലളിതാംബിക അന്തർജനം, എസ്.ഗുപ്തൻനായർ അനുസ്മരണം

സാമൂഹ്യബോധവും പ്രതിരോധവും അമർഷവും തിളച്ചുമറിയുന്ന കഥകൾ ലളിതാംബിക അന്തർജനത്തിന്റെ സവിശേഷതയാണെന്ന് കെ.പി.ശങ്കരൻ പറഞ്ഞു. സ്വാതന്ത്ര്യാനന്തരമാണ് ലളിതാംബികയുടെ കഥകൾ പ്രതിരോധശേഷിയുടെ മൂർച്ച വർധിപ്പിച്ചതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് നടത്തിയ അനുസ്മരണസമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡോ.പി.വി.കൃഷ്ണൻനായർ (പ്രൊഫ. എസ്.ഗുപ്തൻനായർ), ഡോ.എം.ഹേമമാലിനി (ലളിതാംബിക അന്തർജനം) എന്നിവർ അനുസ്മരണപ്രഭാഷണങ്ങൾ നടത്തി. വി.എ. വർഗീസ് സ്വാഗതവും രാജൻ എലവത്തൂർ നന്ദിയും പറഞ്ഞു.

രാവിലെ കഥാരചനാമത്സരവും അഖിലകേരളഅക്ഷരശ്ലോകപരിഷത്ത് അവതരിപ്പിച്ച അക്ഷരശ്ലോകസദസ്സും അരങ്ങേറി.

വൈലോപ്പിള്ളി ഹാളിൽ നടന്ന പുസ്തക പ്രകാശനത്തിൽ പി.ജി.ജനാർദനൻ എഴുതിയ ശൃംഗാരലഹരി-കല, മതം, സംസ്കാരം എന്ന പഠനഗ്രന്ഥം കേരള സംഗീത നാടക അക്കാദമി സെക്രട്ടറി എൻ.രാധാകൃഷ്ണൻനായർ പി.എൻ.ഗോപീകൃഷ്ണന് നൽകി പ്രകാശനം ചെയ്തു.

തുടർന്ന് പി.എൻ.ഗോപീകൃഷ്ണൻ തിരക്കഥയെഴുതി, പ്രിയനന്ദനൻ സംവിധാനം ചെയ്ത 'വൈലോപ്പിള്ളി ഒരു കാവ്യജീവിതം' എന്ന ഡോക്യുമെന്ററി (26 മിനിറ്റ്) പ്രദർശിപ്പിച്ചു. അശ്വഘോഷൻ ഛായാഗ്രഹണം നിർവഹിച്ച ചിത്രത്തിന്റെ നിർമാണം ഐ. & പി.ആർ.ഡി.യാണ്. ഡോക്യുമെന്ററിയുടെ സംവിധായകനുമായുള്ള അഭിമുഖം നടന്നു. ●




# സാമൂഹികഘടന രോഗങ്ങളുണ്ടാക്കുന്നു

## ഡോ.ബി.ഇക്ബാൽ

**നാം** ജീവിക്കുന്ന സാമൂഹിക-സാമ്പത്തിക ഘടനയാണ് രോഗങ്ങളുണ്ടാക്കുന്നതെന്നും അതിൽ ഗുണപരമായ മാറ്റം വരുമ്പോൾ, ആരോഗ്യകരമായ ജീവിതാവസ്ഥ ഉണ്ടാകുമെന്നും ഡോ.ബി.ഇക്ബാൽ പറഞ്ഞു. കേരളീയജീവിതത്തിൽ കൂടുതൽ മെച്ചപ്പെട്ട ആരോഗ്യാവസ്ഥ കൈവരിക്കാൻ കഴിഞ്ഞത് സാമൂഹിക-സാമ്പത്തികമാറ്റം വന്നതുകൊണ്ടാണ്. വിദ്യാഭ്യാസം, പ്രത്യേകിച്ച്, സ്ത്രീവിദ്യാഭ്യാസം, ഭക്ഷണം തുടങ്ങി നിരവധി ഘടകങ്ങൾ ഇതിന്റെ അനുബന്ധമായി കാണേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. 'ആരോഗ്യസംസ്കാരവും എഴുത്തും' എന്ന സെമിനാർ ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രായമേറിയവർക്ക് ഉറ്റവരുടെ അടുത്തുകിടന്ന് മരിക്കുവാനുള്ള സൗകര്യമാണ് നാമൊരുക്കേണ്ടത്. എല്ലാവരിൽനിന്നുമകന്ന് ഐസിയുവിന്റെ ഭീതിജനകമായ അന്തരീക്ഷം അന്ത്യയാത്രക്കൊരുക്കുന്നത് ഭൂഷണമല്ല. ഡോക്ടർ-രോഗീബന്ധം ഏറ്റവും പരിപാവനമാവണം. ഔഷധക്കമ്പനികളും ഉപകരണനിർമാതാക്കളും ഡോക്ടർമാരുടെ അവിശുദ്ധബന്ധങ്ങളും ചേർന്ന് വികലമായ അവസ്ഥയാണ് ആരോഗ്യമേഖലയിൽ സൃഷ്ടിച്ചിട്ടുള്ളത്. അങ്ങനെ ആരോഗ്യസേവനമെന്നത് ആരോഗ്യവ്യവസായമായി മാറിയത് പൊതുജനാരോഗ്യത്തെ വളരെ പ്രതികൂലമായി ബാധിച്ചു. മുതലാളിത്തവ്യവസ്ഥ ചികിത്സയെ അധികാരപ്രയോഗമാക്കി മാറ്റിയെന്ന് ഡോ.ഇക്ബാൽ പറഞ്ഞു.

എല്ലാ വൈദ്യശാസ്ത്രമേഖലകളും സൗഹാർദ്ദപരമായ സമീപനത്തോടെ ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും രോഗശമനത്തിന് സാധ്യമാവുന്ന ഏത് ചികിത്സയേയും അംഗീകരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് അധ്യക്ഷപ്രസംഗത്തിൽ സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് ഡോ.ഖദീജാ മുംതാസ് പറഞ്ഞു. അശോകൻ ചരുവിൽ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ഡോ.കെ.മുരളീധരൻ, കാവുമ്പായി ബാലകൃഷ്ണൻ, ബേബി മൂക്കൻ എന്നിവരും സംസാരിച്ചു. ●



ആദരവിന് അർഹരായ ഗ്രന്ഥശാലാപ്രവർത്തകർ : പി.ഗോപാലൻനായർ, ടി.വി.കുഞ്ഞാമൻമാസ്റ്റർ, കെ.മാധവൻമാസ്റ്റർ, കെ.ആർ.സുശീല, എൻ.അച്യുതൻനായർ, കെ.കെ.വിജയൻ.

# ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരം

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥശാലാപ്രവർത്തകരെ അക്കാദമി ആദരിക്കുന്നു. പി.ഗോപാലൻനായർ (പാലക്കാട്), ടി.വി.കുഞ്ഞാമൻമാസ്റ്റർ (കാസർഗോഡ്), കെ.മാധവൻമാസ്റ്റർ (കണ്ണൂർ), കെ.ആർ.സുശീല (പത്തനംതിട്ട), എൻ.അച്യുതൻനായർ (കോഴിക്കോട്), കെ.കെ.വിജയൻ (തൃശൂർ) എന്നിവരെയാണ് ആദരിക്കുന്നത്. ഗ്രന്ഥശാലകളുടെ ഉന്നമനത്തിനുവേണ്ടി ജീവിതത്തിന്റെ ഒട്ടുമുക്കാലും ചെലവഴിച്ചവരാണ് ഇവർ.

ഡോ.കാവുമ്പായി ബാലകൃഷ്ണൻ, പി.വി.കെ.പനയാൽ, കെ.ചന്ദ്രൻമാസ്റ്റർ, ബി.സുരേഷ്ബാബു, അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ എന്നിവരടങ്ങിയ വിധിനിർണ്ണയസമിതിയാണ് ഇവരെ തെരഞ്ഞെടുത്തത്. 10,000 രൂപയും പ്രശസ്തിപത്രവും ഫലകവും പൊന്നാടയുമാണ് ആദരസൂചകമായി നൽകുന്നത്. ●

# കവർ രൂപകൽപന, പുസ്തകനിർമിതി, സ്റ്റാൾ അവാർഡുകൾ

**മികച്ച കവർ രൂപകല്പന** ഒന്നാംസമ്മാനം: വിപിൻദാസ് (കാലാവസ്ഥാവ്യതിയാനവും സുസ്ഥിര ജൈവകൃഷിയും). രണ്ടാംസമ്മാനം : രാജേഷ് ചാലോട് (ഫാന്റം ബാത്ത്).

**പുസ്തകനിർമ്മിതി** ഒന്നാംസമ്മാനം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (സ്തനാർബുദം). രണ്ടാംസമ്മാനം : കേരള ശാസ്ത്രസാഹിത്യ പരിഷത്ത് (നോട്ടുനിരോധനവും ജി.എസ്.ടി.യും).

**മികച്ച സ്റ്റാൾ** ഒന്നാംസമ്മാനം : തൃശൂർ മാതൃഭൂമി ബുക്സ്. രണ്ടാംസമ്മാനം : തൃശൂർ അഹമ്മദിയ മുസ്ലിം ഇസ്ലാമിക് ഇന്റർനാഷണൽ പബ്ലിക്കേഷൻസ്.

കവർ രൂപകല്പന, പുസ്തകനിർമ്മിതി, മികച്ച സ്റ്റാൾ എന്നിവക്ക് ഒന്നാംസമ്മാനം 3,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവും, രണ്ടാംസമ്മാനം 2,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവും ആണ്. വിജയകുമാർ മേനോൻ, ബിജി കൊങ്ങോർപ്പിള്ളി, കെ.ജി.ബാബു എന്നിവരടങ്ങിയ വിധിനിർണ്ണയസമിതിയാണ് അവാർഡുകൾ നിശ്ചയിച്ചത്. ●









Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at Carmel Press, Thrissur | Photo : Monalisa | Design : Roy Akkara